പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 406 — 27/9/2011 ൽ മറുപടിയ്ക്ക്

## തുറവൂർ സി.എച്ച്.സി. യുടെ വികസനം

**ചോദ്യം**

ശ്രീ.എ.എം. ആരിഫ് :

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) തുറവൂർ.സി.എച്ച്.സി.യുടെ വികസനത്തിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ പോകുന്നത്; ആയതിന് എത്ര രൂപയാണ് ഇപ്പോൾ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് റവന്യൂ വകുപ്പിൽ അടച്ചിട്ടുള്ളത്; എങ്കിൽ എത്ര രൂപ കൂടിയാണ് വേണ്ടി വരുന്നത്; അത് എങ്ങനെ കണ്ടെത്താനാണ് ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്;

(എ) തുറവൂർ സി.എച്ച്.സി–യുടെ വികസനത്തിനായി 60.05 സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നത്. 36,63,524/- രൂപ റവന്യൂ വകുപ്പിൽ അടച്ചു. ബാക്കി 50,72,000/- രൂപ വേണ്ടി വരും. ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും സംയുക്തമായാണ് തുക കണ്ടെത്തുന്നത്.

(ബി) ഏതെല്ലാം പഞ്ചായത്തുകളാണ് ആദ്യഘട്ടം ഭൂമി ഏറ്റെടുക്കലിന് എത്ര രൂപ വീതം നൽകിയത്; കൂടുതൽ തുക അടയ്ക്കുവാനായി ബ്ലോക്ക് പഞ്ചായത്ത് വിളിച്ചു ചേർത്ത യോഗത്തിൽ സ്ഥലം എം.എൽ.എ–യെ ക്ഷണിക്കാതിരുന്നത് എന്തു കൊണ്ടാണ്;

(ബി)

| പഞ്ചായത്ത് | തുക |
|---|---|
| കുത്തിയതോട്ഗ്രാമ പഞ്ചായത്ത് | 4,85,000.00 |
| കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് | 1,00,000.00 |
| വയലാർ ഗ്രാമപഞ്ചായത്ത് | 2,00,000.00 |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 28,78,524.00 |
| ആകെ | 36,63,524.00 |

കൂടുതൽ തുക അനുവദിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിപുലമായ യോഗം വിളിച്ചുചേർത്തിട്ടില്ല. ആയതു കൊണ്ടാണ് സ്ഥലം എം.എൽ.എ – യെ ക്ഷണിക്കാതിരുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്രകാരം യോഗങ്ങൾ വിളിച്ചു ചേർക്കുമ്പോൾ സ്ഥലം എം.എൽ.എ–മാരെ കൂടി പങ്കെടുപ്പിച്ചേ യോഗങ്ങൾ ചേരാവൂ എന്ന കർശന നിർദ്ദേശം നൽകുമോ ?

(സി) ഈ ആവശ്യം പരിഗണിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ